പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 127 — 02.07.2015- ൽ മറുപടിക്ക്

## അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്

ചോദ്യം
ശ്രീമതി. കെ.എസ്.സലീഖ
ശ്രീ.പി.ടി.എ.റഹിം
ശ്രീ.ആർ.രാജേഷ്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ ; | (എ) | ഉണ്ട്. അനാഥാലയങ്ങൾ ഉൾപ്പെടെയുള്ള ക്ഷേമസ്ഥാപനങ്ങൾക്ക് 2014-15 വർഷത്തിൽ ഗ്രാന്റ് നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച 16,23,09,000/- രൂപ ചിലവഴിച്ചു. 18,65,59,183/- രൂപ കുടിശ്ശികയുള്ളതിൽ 9,32,80,000/- രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചു. 2014-15 വർഷത്തിൽ കുടിശ്ശിക ഉൾപ്പെടെ കൊടുത്തു തീർക്കുന്നതിന് അധിക ധനസഹായം വഴി 9,32,80,000/- രൂപ അനുവദിച്ചത് ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഗ്രാന്റ് വിതരണം നടത്തുന്നതാണ്. |
| (ബി) | നിലവിൽ എന്ത് നിരക്കിലാണ് അനാഥാലയങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചിരുന്നതെന്ന് അറിയിക്കാമോ ; | (ബി) | 1000/- രൂപ നിരക്കിൽ |
| (സി) | കുടിശ്ശിക തീർക്കാനും വർദ്ധിപ്പിച്ച നിരക്കിലുള്ള ഗ്രാന്റിന്റെ വിതരണം നടത്താനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; | (സി) | ഉണ്ട്. 2015-16 സാമ്പത്തിക വർഷം 15,99,64,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇതു സംബന്ധിച്ച അനന്തര നടപടി സ്വീകരിക്കുമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ